

മാർച്ച് 2025

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം.

2025 ലെ മാരാമൺ കൺവൻഷൻ അനുഗ്രഹകരമായി പര്യവസാനിച്ചു. കൺവൻഷന്റെ നടത്തിപ്പിൽ ആദ്യവസാനം വ്യാപരിച്ച ദൈവകൃപയ്ക്കായി ദൈവത്തെ സ്തുതിക്കാം. നേരിട്ടും ഓൺലൈനായും അനേകായിരങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഈ മഹായോഗത്തിന്റെ ഭാഗമായി. അനേകരുടെ അദ്ധ്വാനവും കൂട്ടായ സഹകരണവും കൺവൻഷന്റെ നടത്തിപ്പിന് പിൻപിലുണ്ടായിരുന്നു എന്നത് കൃതജ്ഞതയോടെ സ്മരിക്കുന്നു. കൺവൻഷന്റെ സുഗമമായ നടത്തിപ്പിന് യത്നിച്ച എല്ലാവരോടും, വിശേഷാൽ സുവിശേഷ പ്രസംഗ സംഘത്തോടും, ഔദ്യോഗിക ഭാരവാഹികളോടും, എല്ലാറ്റിലുമുപരി അച്ചടക്കത്തോടെ ആദ്യാവസാനം ഇതിൽ ഭാഗഭാക്കായ എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു. പ്രസംഗകരോടും പരിഭാഷ നിർവ്വഹിച്ചവരോടുമുള്ള നന്ദി അറിയിക്കുന്നു. പ്രസംഗങ്ങളും കൺവൻഷൻ വാർത്തകളും ജനങ്ങളിലേക്കെത്തിച്ച മാധ്യമ പ്രവർത്തകരോടും കൺവൻഷൻ ഗാനങ്ങൾ ആലപിച്ച ഗായകസംഘത്തോടുമുള്ള നന്ദി നിസീമമത്രെ. വേദപഠനങ്ങൾ, പൊതുയോഗങ്ങൾ, കുടുംബവേദി, യുവവേദി, സഭൈക്യവേദി, സാമൂഹ്യ തിന്മകൾക്കെതിരായ കൂട്ടായ്മ, വിവിധ പ്രാദേശിക-ഭാഷാ സമൂഹങ്ങൾക്ക് വേണ്ടിയുള്ള യോഗങ്ങൾ, എല്ലാം വളരെ ഹൃദ്യവും സന്ദേശങ്ങൾ വെല്ലുവിളിയുണർത്തുന്നവയുമായിരുന്നു. ദൈവവിളിയെക്കുറിച്ച് നാം നിശ്ചയമുള്ളവരായിരിക്കണമെന്നും, ഐക്യത്തിന്റെ അനിവാര്യത കാലഘട്ടത്തിന്റെ ആവശ്യമെന്നും, നാം ഓരോരുത്തരും സുവിശേഷത്തിന്റെ വാഹകരാകണമെന്നും, ദൈവഹിതാനുസരണം നമ്മുടെ വിഭവങ്ങൾ നാം പങ്കിടണമെന്നും, ദൈവാത്മാവിനാൽ നാം സാക്ഷ്യത്തിലേക്ക് നയിക്കപ്പെടണമെന്നും, ആസക്തികൾക്ക് അറുതിവരുത്തണമെന്നും, വ്യക്തി ജീവിതത്തിലും കൂട്ടായും അനുതാപവും കുമ്പസാരവും അനിവാര്യതയെന്നും, ചെറുതാകാനും ചെറുതിന്റെ സാധ്യതയെ തിരിച്ചറിയാനും വിശ്വാസികൾക്ക് സാധിക്കണമെന്നും വചനത്തിലൂടെ നമ്മെ ഓർമ്മിപ്പിച്ചു. ഓൺലൈൻ യൂട്യൂബിലൂടെ കൺവൻഷൻ പ്രസംഗങ്ങൾ വീണ്ടും ശ്രവിക്കാവുന്നതാണ്. വചനത്തിന്റെ അർത്ഥതലങ്ങൾ ജീവിതത്തിൽ സ്വാംശീകരിച്ച് പ്രായോഗികമാക്കണം. യോഹന്നാന്റെ സുവിശേഷം 12 ന്റെ 17 ൽ യേശു ഇപ്രകാരം പറയുന്നു; 'ഇത് നിങ്ങൾ അറിയുന്നുവെങ്കിൽ ചെയ്താൽ ഭാഗ്യവാന്മാർ'. സുവിശേഷത്തിന്റെ കേവല അറിവുകളല്ല ആവശ്യം, ദൈവത്തിന്റെ വചനത്തെ പ്രായോഗികമാക്കുന്നതാണ് ഭാഗ്യകരമായ അനുഭവം.

കുടുംബങ്ങളുടെ നവീകരണം വളരെ പ്രാധാന്യത്തോടെ നാം കാണണം. ഗാർഹിക തലങ്ങളിൽ ബന്ധങ്ങൾ കൂടുതൽ ദൃഢപ്പെടണം. ഭാര്യാ - ഭർത്തൃ ബന്ധവും, മാതാപിതാക്കൾ - മക്കൾ തമ്മിലുള്ള ബന്ധവും, സാഹോദര്യവും കൂടുതൽ ആഴപ്പെടണം. ബന്ധങ്ങളുടെ നൈർമ്മല്യം കാത്ത് സൂക്ഷിക്കണം. കുടുംബ ആദ്ധ്യാത്മീകത വീണ്ടെടുക്കണം. ഒരുമിച്ച് പ്രാർത്ഥിക്കുന്ന, ഭക്ഷിക്കുന്ന, അനൗപചാരികത കാത്തുസൂക്ഷിക്കുന്ന, ദൈവത്തെക്കുറിച്ചുള്ള വർത്തമാനങ്ങൾ പറയുന്ന, ഒരുമിച്ച് ആരാധനയിൽ പങ്കെടുക്കുന്ന കുടുംബങ്ങൾ ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. തലമുറകളുടെ ശരിയായ രൂപീകരണത്തിൽ കുടുംബങ്ങളുടെ പങ്ക് നിസ്സാരമായിക്കാണരുത്. ശരിയായ ബോധനക്രമം ഭവനങ്ങളിലുണ്ടാകണം. ഭവനാന്തരീക്ഷത്തിൽ പാലിക്കപ്പെടേണ്ട ശിക്ഷണക്രമത്തിന്റെ അഭാവമാണ് സമൂഹത്തിൽ ഇന്ന് നടമാടുന്ന പല പ്രശ്നങ്ങൾക്കും ഒരു പരിധിവരെ കാരണം.

ദൈവ വചനത്തോടുള്ള ആഭിമുഖ്യം നഷ്ടമാകരുത്. ഇന്ന് വചന പാരായണങ്ങൾ കുറയുന്നു. വചനത്തെ ഗൗരവമായിക്കണ്ട പൂർവ്വ മാതാപിതാക്കളുടെ പിൻമുറക്കാരാണ് നാം. മാർത്തോമ്മാ സഭയുടെ തനിമ വചനത്താലുള്ള നവീകരണമാണ്. എല്ലാം നഷ്ടപ്പെട്ടപ്പോഴും ചേർത്ത് പിടിക്കാനുണ്ടായിരുന്നത് ദൈവവചനമായിരുന്നു. ദൈവ വചനത്തിന്റെ ആധികാരികത നമ്മിൽ നഷ്ടപ്പെട്ടാൽ തിരിച്ചറിവിന്റെ വരം ഇല്ലാതെ പോകും. യേശു പ്രലോഭനങ്ങളെ ചെറുത്തത് വചനബലത്താലാണ്. ഇന്നിന്റെ പോരാട്ടങ്ങളിൽ നമുക്കും വചനബലത്തിൽ നിലനില്ക്കാം. സമൂഹത്തിലാണ് സഭ നിലനില്ക്കേണ്ടതും പ്രവർത്തിക്കേണ്ടതും. വിശ്വാസ സമൂഹം അതിന്റെ സാക്ഷ്യം നഷ്ടപ്പെടാതെ സൂക്ഷിക്കണം. പരിസരങ്ങളെ ഗൗരവമായിക്കാണാത്ത ആദ്ധ്യാത്മീകത അർത്ഥരഹിതമാണ്. ഉപ്പ്, വെളിച്ചം, പുളിമാവ് എന്നീ രൂപകങ്ങളിലൂടെ ക്രിസ്തു ആവശ്യപ്പെട്ടതും സമൂഹത്തെ പരിവർത്തിപ്പിക്കത്തക്ക വിധത്തി

ലുള്ള സ്വത്വ നിർമ്മിതിയാണ്. മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ (മത്തായി 5:16) എന്നതാണ് ക്രിസ്തുമൊഴി. സാക്ഷ്യത്തെ തുച്ഛീകരിക്കുന്നതൊന്നും ഒരു വിശ്വാസിയുടെ ജീവിതത്തിലുണ്ടാകരുത്. അവിടെയാണ് വചന സ്വാധീനത്തിൽ നിലനിന്ന് വളരുവാൻ നമുക്ക് ഇടയാകുന്നത്.

നിലയ്ക്കൽ സെന്റ് തോമസ് എക്യൂമെനിക്കൽ ദൈവാലയത്തിന്റെയും എക്യൂമെനിക്കൽ ട്രസ്റ്റിന്റെയും റൂബി ജൂബിലി സമാപന സമ്മേളനവും എക്യൂമെനിക്കൽ പ്രാർത്ഥനാ കൂട്ടായ്മയും നിലയ്ക്കൽ സെന്റ് തോമസ് ദൈവാലയത്തിൽ വെച്ച് ഫെബ്രുവരി 8 ന് നടത്തപ്പെട്ടു. കഴിഞ്ഞ ഒരു വർഷക്കാലം ജൂബിലിയുടെ ഭാഗമായി വിവിധ ഇടങ്ങളിൽ ക്രമീകരിച്ച വൈവിധ്യമാർന്ന പരിപാടികൾ വിജയകരമാക്കുവാൻ എല്ലാവരുടെയും സഹായ – സഹകരണങ്ങൾ ലഭിച്ചു എന്നുള്ളത് നന്ദിയോടെ ഓർക്കുന്നു. ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ചൈതന്യവത്തായി തുടരുവാൻ ജൂബിലി ആഘോഷങ്ങൾ പ്രേരണയായി എന്നതിന് സംശയമില്ല. നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റും പള്ളിയും ലോക എക്യുമെനിക്കൽ പ്രസ്ഥാനത്തിനു തന്നെ ഒരു മാതൃകയാണ്. ഭാരത ക്രൈസ്തവ സഭകളുടെ പൊതു പൈതൃകത്തിന്റെ പ്രതീകമാണ് നിലയ്ക്കൽ സെന്റ് തോമസ് ദേവാലയം. 'നിങ്ങൾ എന്റെ സാക്ഷികളാവുക' എന്ന യേശുവിന്റെ നിയോഗം കൂടുതൽ തീക്ഷ്ണതയോടെ നിർവഹിക്കേണ്ട കാലമാണിത്. സഭകളുടെ ഐക്യം വാക്കുകളിൽ മാത്രമാകാതെ, പ്രവർത്തന ഇടങ്ങളിൽ യാഥാർത്ഥ്യമാകണം. നിലയ്ക്കൽ റൂബി ജൂബിലി ആഘോഷം അതിന് കൂടുതൽ ദർശന ചാരുത പകരുമെന്ന് പ്രത്യാശിക്കാം. നമ്മുടെ എല്ലാ ഇടവകകളിൽ നിന്നും ഈ സെന്റർ സന്ദർശിക്കുന്നതും റിട്രീറ്റ്, ധ്യാനം ആദിയായവ അവിടെ ക്രമീകരിക്കുന്നതും ഈ സെന്ററിനെയും എക്യൂമെനിക്കൽ ദൈവാലയത്തേയും അടുത്തറിയുന്നതിന് സഹായകരമാകും.

വലിയനോമ്പിന്റെ നാളുകളിലേക്ക് നാം പ്രവേശിക്കുന്നു. യേശുക്രിസ്തുവിന്റെ രക്ഷാകര പദ്ധതിയെ അനുസ്മരിക്കുന്ന അവസരമാണ് നോമ്പ് കാലം. ഓരോ വർഷവും നോമ്പ് ആചരിക്കുമ്പോൾ അത് ഏതാനും ദിവസങ്ങളിലേക്കുള്ള ഒരു ശുദ്ധീകരണ പ്രക്രിയയായിട്ടല്ല, ജീവിതത്തെ ആകമാനം ശുദ്ധീകരിക്കുന്ന ഒരു പുനരർപ്പണത്തിന്റെ അവസരമായി മാറണം. ഉപവാസത്തിനും ധ്യാനത്തിനും പ്രാർത്ഥനയ്ക്കും കൂടുതൽ സമയം വേർതിരിക്കപ്പെടേണ്ട കാലമാണ് നോമ്പ് കാലം. ഉയിർപ്പിന്റെ സന്തോഷത്തിൽ പങ്ക് ചേരാൻ കർത്താവ് സഞ്ചരിച്ച സഹന വഴികളിലൂടെ വിശ്വാസ സമൂഹം സഞ്ചരിക്കണം. കർത്താവിന്റെ പരസ്യ ശുശ്രൂഷ, പീഡാനുഭവം, ക്രൂശീകരണം, ഉയിർപ്പ് ഇവയോട് ഏകീഭവിക്കയും ക്രമാനുഗതമായി ഈ സംഭവങ്ങൾ ധ്യാനിച്ച് അതേ അനുഭവത്തിൽ ജീവിക്കേണ്ട കാലഘട്ടമാണ് വലിയനോമ്പ് കാലം. ഇതിന് സഹായകരമായി നോമ്പ് പ്രാർത്ഥനകളും ധ്യാനങ്ങളും ഇടവകകളായും സംഘടനകളായും ക്രമീകരിക്കുകയും സഭയായി പ്രസിദ്ധീകരിച്ചിരിക്കുന്ന നോമ്പ് നമസ്ക്കാര ക്രമം ഉപയോഗിക്കുകയും വേണം. നോമ്പുകളും പെരുനാളുകളും ലോകത്തിൽ നിന്നും അന്യപ്പെട്ട് ജീവിക്കുന്നതിനുള്ള ഉപാധികളല്ല, മറിച്ച് ജീവിതത്തിൽ പുതുക്കം വരുത്തുന്നതിനും ദൈവീക പദ്ധതിയിൽ നമ്മെ കൂടുതൽ അർപ്പണമുള്ളവരാക്കിത്തീർക്കുന്നതിനും വേണ്ടിയാണ്. യഥാർത്ഥ നോമ്പിന്റെ ഭാഗമാകുന്നയാൾ ലോകത്തിന് അനുഗ്രഹമായിത്തീരണം. ഭക്ഷണം വെടിയുന്നതിൽ മാത്രം തൃപ്തി കാണുന്നതല്ല നോമ്പ്. വർജ്ജനങ്ങൾ അപരന്റെ നന്മയ്ക്കുതകുന്ന ഉപേക്ഷണങ്ങളായിത്തീരുന്നില്ലെങ്കിൽ കേവലം അനുഷ്ഠാനതലത്തിൽ മാത്രമായി നോമ്പ് അസ്തമിക്കുമെന്നതിന് സംശയമില്ല. നോമ്പും ഉപവാസവും നമ്മുടെ അനുദിന പെരുമാറ്റങ്ങളിന്മേൽ സ്വാധീനം നല്കണം. ആചാര തലത്തിൽ നിന്നും അപരന് അനുഗ്രഹമാകുന്ന അനുഭവത്തിലേക്ക് നോമ്പാചരണം വളരുവാൻ നമ്മെയെല്ലാവരെയും ദൈവം സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കാം.

മാർത്തോമ്മാ സഭയുടെ പരിസ്ഥിതി കമ്മീഷൻ ഈ വർഷത്തെ വലിയ നോമ്പിനെ 'ലൈഫ് ലെന്റ്' ആയി പ്രഖ്യാപിച്ചിരിക്കുകയാണ്. നോമ്പുകാലം ജീവന്റെയും പ്രകൃതിയുടെയും സംരക്ഷണ കാലമാണ്. ഏഴു ആഴ്ചകളിൽ ഏഴ് വിഷയങ്ങൾ തെരഞ്ഞെടുത്തു പഠനങ്ങളും ചർച്ചകളും പ്രായോഗിക നിർദ്ദേശങ്ങളും പങ്കുവയ്ക്കുന്നു. ജീവൻ നഷ്ടപ്പെടുന്ന, ജീവനെ നിഷേധിക്കുന്ന നമ്മുടെ ചുറ്റുപാടുകളിൽ ജീവന്റെ പ്രഖ്യാപനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. നമ്മുടെ ചുറ്റുപാടുകളിൽ ജീവനുവേണ്ടി പിടയുന്ന അനേക സൃഷ്ടിജാലങ്ങളോടൊപ്പം സഹജീവനത്തിന്റെ പ്രഖ്യാപനങ്ങൾക്കായി നമുക്കും ഒരുങ്ങാം.

മാർത്തോമ്മാ സഭയുടെ വയനാട് പുനരധിവാസ പദ്ധതിക്കായി അനേകം ഇടവകകളുടെയും അഭ്യുദയകാംക്ഷികളുടെയും സഹായസഹകരണങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. മുണ്ടക്കൈ, ചൂരൽമല എന്നിവിടങ്ങളിൽ ചുങ്കത്തറ മാർത്തോമ്മാ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ 20 മെഡിക്കൽ ക്യാമ്പുകൾ ഇതിനോടകം നടത്തി. ശസ്ത്രക്രിയയും കിടപ്പ് ചികിത്സയും ആവശ്യമായവരെ ചുങ്കത്തറ മാർത്തോമ്മാ ഹോസ്പിറ്റലിൽ കൊണ്ടുപോയി ചികിത്സ നൽകുന്നതിനും സാധിച്ചിട്ടുണ്ട്. ഉപജീവന മാർഗത്തിനായുള്ള വ്യത്യസ്തങ്ങളായ ഉപകരണങ്ങൾ അനേക ആളുകൾക്ക് വാങ്ങി നൽകുന്നതിനും സാധിച്ചു. പ്രകൃതിദുരന്തം മൂലം പഠനം പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ട വിദ്യാർത്ഥികൾക്ക് സർക്കാർ നൽകുന്ന ലിസ്റ്റ് വിശകലനം ചെയ്ത് അർഹരായവർക്ക് വിദ്യാഭ്യാസ സഹായങ്ങൾ നൽകിവരുന്നു.

പ്രകൃതിദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസം സാധ്യമാക്കുന്നതിന് 25 വീടുകൾ സഭയായി നിർമ്മിച്ചു നൽകാമെന്ന് കേരള സർക്കാരിനെ മാർത്തോമ്മാ സഭ അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സഭാ സെക്രട്ടറി പങ്കെടുത്ത് സഭയുടെ നിർദ്ദേശങ്ങൾ സമർപ്പിച്ചു. ഭവനം/ടൗൺഷിപ്പ് നിർമ്മിക്കാനുള്ള പണം സംഭാവനയായി നൽകുക എന്നതല്ല

ആഗ്രഹിക്കുന്നത് എന്നും, സഭയുടെ സ്ഥലത്ത്, സർക്കാർ തരുന്ന ലിസ്റ്റിൽ അർഹരായവർക്ക് ഭവനങ്ങൾ നിർമ്മിച്ച് നൽകുന്നതിനാണ് മാർത്തോമ്മാ സഭ ആഗ്രഹിക്കുന്നത് എന്നുമുള്ള സഭയുടെ താല്പര്യമറിയിച്ചിട്ടുണ്ട്. സർക്കാർ അതിനാവശ്യമായ സഹായ സഹകരണങ്ങൾ നൽകുമെന്ന് പ്രതീക്ഷിക്കുന്നു. മറ്റുള്ളവരുടെ വേദന മനസ്സിലാക്കി ആവശ്യഘട്ടത്തിൽ സഹായിച്ച, സഹായ സഹകരണങ്ങൾ നൽകിയ ഏവരോടും ഉള്ള നന്ദി അറിയിക്കുന്നു.

മാർത്തോമ്മാ മെത്രാപ്പോലീത്തയുടെ 75-ാം ജന്മദിന സമ്മാനമായി സഭ പ്രഖ്യാപിച്ച പദ്ധതികളായ 'അഭയം' ഭവന നിർമ്മാണ പദ്ധതിയും 'ലക്ഷ്യ' വിദ്യാഭ്യാസ സഹായ പദ്ധതിയും അനുഗൃഹീതമായി തുടരുന്നു. 'അഭയം' ഭവന നിർമ്മാണ പദ്ധതിയിൽ ഭവനം ഇല്ലാത്തവരും ഭൂമിയില്ലാത്തവരുമായ ആളുകളുടെ അപേക്ഷകൾ പരിഗണിച്ച് അർഹരായവർക്ക് 600 സ്ക്വയർ ഫീറ്റിൽ മനോഹരമായ ഭവനം നിർമ്മിച്ചു നൽകുന്നു. 75 വീടുകൾ ആഗ്രഹിച്ചു തുടങ്ങിയ അഭയം പദ്ധതിയിൽ 150 വീടുകൾ പൂർത്തീകരിക്കുവാൻ ആഗ്രഹിക്കുന്നു. നാളിതുവരെ 89 ഭവനങ്ങൾ പൂർത്തീകരിച്ച് പ്രതിഷ്ഠാ ശുശ്രൂഷ നടത്തി. ബാക്കിയുള്ള 61 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഈ ആവശ്യത്തിലേക്ക് സ്ഥലവും പണവും തന്ന് സഹായിക്കുന്ന ഏവരോടുമുള്ള നന്ദി അറിയിക്കട്ടെ.

സാമ്പത്തിക പ്രതിസന്ധികൾ മൂലം വിദ്യാഭ്യാസം ആർക്കും നഷ്ടമാകരുത് എന്ന് ആഗ്രഹത്തോടെ ആരംഭിച്ച ലക്ഷ്യ പദ്ധതിയിലൂടെ നാളിതുവരെ ഉന്നത വിദ്യാഭ്യാസം ആർജിക്കുന്ന 150 ലധികം വിദ്യാർത്ഥികളെ സഹായിക്കുന്നതിന് സാധിച്ചിട്ടുണ്ട്. 'ലക്ഷ്യ' പദ്ധതിയോടൊപ്പം 'അമ്പാട്ട് ഇത്താപ്പിരി എൻഡോമെന്റ്' ഫണ്ടിലൂടെ ലഭിക്കുന്ന വിദ്യാഭ്യാസ സഹായത്തെയും നന്ദിയോടെ ഓർക്കുന്നു. കലാപം പൊട്ടിപ്പുറപ്പെട്ട മണിപ്പൂർ സംസ്ഥാനത്തിൽ പഠനം വഴിമുട്ടിപോയ മുപ്പതോളം കുഞ്ഞുങ്ങളെ തിരുവല്ല നിക്കോൾസൺ സ്കൂളിൽ പഠിപ്പിക്കുന്നതിന് ആവശ്യമായ സഹായങ്ങളും ഈ പദ്ധതിയിലൂടെയാണ് നൽകി വരുന്നത്.

മാർത്തോമ്മാ സഭാകൗൺസിലിന്റെ ആലോചനയോടും എപ്പിസ്ക്കോപ്പൽ സിനഡിന്റെ അംഗീകാരത്തോടും കൂടെ വികാരി ജനറാൾമാരായി റവ. ഡോ. സാംസൺ എം. ജേക്കബ്, റവ. ഡാനിയേൽ തോമസ് എന്നിവരെ തിരഞ്ഞെടുത്തിരിക്കുന്നു. 2025 ഏപ്രിൽ മാസം 9-ാം തീയതി രാവിലെ 7. 30 ന് തിരുവല്ല സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ വെച്ച് അവരുടെ നിയോഗ ശുശ്രൂഷ നടത്തും. തുടർന്ന് റവ. ഡോ. സാംസൺ എം. ജേക്കബ് കോട്ടയം - കൊച്ചി ഭദ്രാസനത്തിലും റവ. ഡാനിയേൽ തോമസ് ഡൽഹി ഭദ്രാസനത്തിലും പ്രവർത്തിക്കുന്നതാണ്. കോട്ടയം മാർത്തോമ്മാ തിയോളജിക്കൽ സെമിനാരിയുടെ പ്രിൻസിപ്പാളായി റവ. ഡോ. എം. സി. തോമസ് അച്ചനെ നിയമിക്കുന്നതിന് എപ്പിസ്ക്കോപ്പൽ സിനഡ് തീരുമാനിച്ചിരിക്കുന്നു.

ഒരു അദ്ധ്യയന വർഷം കൂടി പിന്നിടുകയാണല്ലോ. വാർഷിക പരീക്ഷ എഴുതുന്ന എല്ലാ കുഞ്ഞുങ്ങളെയും പ്രാർത്ഥനയിൽ ഓർക്കുന്നു. വിവിധ ബോർഡ് പരീക്ഷകൾ, എൻട്രൻസ് പരീക്ഷകൾ എന്നിവയ്ക്കായി തയ്യാറെടുക്കുന്ന വിദ്യാർത്ഥികളുമുണ്ട്. അവരുടെ അദ്ധ്വാനം ഫലകരമാകുവാൻ ദൈവം സഹായിക്കട്ടെയെന്ന് ആശംസിക്കുന്നു. മദ്ധ്യവേനലവധിക്കാലം ഫലകരമായി ഉപയോഗിക്കുവാൻ വിദ്യാർത്ഥികളും മാതാപിതാക്കളും ശ്രമിക്കണം. വി. ബി. എസും, ഹ്രസ്വകാല വേദപഠനങ്ങളും പ്രയോജനപ്രദമാക്കുവാൻ ഉത്സാഹിക്കണം. പുതിയ അദ്ധ്യയന വർഷം ജൂൺ മാസത്തിൽ ആരംഭിക്കുന്നതിന് മുമ്പ് സ്കൂളുകളുടെ പുനരുദ്ധാരണത്തിനും, കൂടുതൽ വിദ്യാർത്ഥികളെ പഠിതാക്കളായി കണ്ടെത്തുന്നതിനും അധ്യാപകരും മാനേജ്മെന്റും പി.റ്റി.എ.യും ശ്രദ്ധകേന്ദ്രീകരിച്ച് പ്രവർത്തിക്കണം. പല സ്കൂൾ കെട്ടിടങ്ങളുടെയും ശോച്യാവസ്ഥ മാറ്റി, സ്മാർട്ട് ക്ലാസ്സ് മുറികളും മറ്റ് അത്യാധുനിക സൗകര്യങ്ങളും വർദ്ധിപ്പിക്കത്തക്കവിധം പ്രാദേശിക ഇടവകകൾ കൈത്താങ്ങൽ നല്കി നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തണം. ഇടവക വികാരിമാരും അദ്ധ്യാപകരും ഇതിന് മുൻകൈ എടുത്ത് പ്രവർത്തിക്കണം.

നിഖ്യാ വിശ്വാസപ്രമാണത്തിന്റെ 1700-ാം വാർഷികത്തോടനുബന്ധിച്ചു ഒരു പഠന സമ്മേളനം സഭയുടെ ആഭിമുഖ്യത്തിൽ 2025 ഫെബ്രുവരി 7-ന് കോട്ടയം മാർത്തോമ്മാ വൈദീക സെമിനാരിയിൽ വെച്ചു നടത്തപ്പെട്ടു. എ.ഡി. 325-ൽ നിഖ്യായിൽ ചേർന്ന സുന്നഹദോസ് സഭാ ചരിത്രത്തിലെ ഒരു നിർണായക ഘട്ടമായിരുന്നു. 1700 വർഷങ്ങൾ ഒരു ചെറിയ കാലമല്ല, മറിച്ച് ദേശത്തിന്റെയും ദശകങ്ങളുടെയും നൂറ്റാണ്ടുകളുടെയും ഒരു കടന്നു പോക്കായിരുന്നു. നൂറ്റാണ്ടുകളായി ലോകമെമ്പാടുമുള്ള ക്രൈസ്തവരെ ഏകീകരിക്കുന്നത് നിഖ്യാ വിശ്വാസപ്രമാണത്തിന്റെ അടിത്തറയാണ്. ആദ്യ നൂറ്റാണ്ടുകളിലെ സഭയ്ക്ക് രാഷ്ട്രീയത്തിന്റെയും സംസ്കാരത്തിന്റെയും തത്ത്വചിന്തകളുടെയും ശക്തികൾ എതിരായിരുന്നപ്പോൾ സുവിശേഷ സത്യത്തോടുള്ള പ്രതിബദ്ധത പകർന്നു നൽകിയത് ഈ വിശ്വാസപ്രമാണമായിരുന്നു. ഇന്ന് നാം അഭിമുഖീകരിക്കുന്ന വെല്ലുവിളികളുടെ പശ്ചാത്തലത്തിലും നിഖ്യാ വിശ്വാസപ്രമാണം എത്രമാത്രം പ്രസക്തമാണെന്ന് നാം പഠിക്കേണ്ടിയിരിക്കുന്നു.

ഇന്ത്യയിലെ മറ്റ് പല സംസ്ഥാനങ്ങളിലുമുള്ള പോലെ സ്വകാര്യ സർവകലാശാലകൾ കേരളത്തിലും തുടങ്ങാനുള്ള ചർച്ചകൾ ആരംഭിച്ചിരിക്കുകയാണല്ലോ. കേരളത്തെ സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസരംഗത്ത് ഇതൊരു ദിശാമാറ്റമാണ് ഉണ്ടാക്കാൻ പോകുന്നത്. ലോകത്തിലെ മുൻനിര സർവകലാശാലകൾ പലതും സ്വകാര്യ മേഖലയിലാണുള്ളത്. കേരളത്തിന് പുറത്തുള്ള സ്വകാര്യ സർവകലാശാലകളിൽ പഠിക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികളിൽ വലിയൊരു ശതമാനവും മലയാളികളുമാണ്. ആഗോളതലത്തിൽ വിദ്യാഭ്യാസത്തെ സമീപിക്കാൻ വെമ്പൽ കൊള്ളുന്നവരാണ് മലയാളികൾ. സ്വകാര്യ സർവകലാശാലകളുടെ വര

വോടെ നമ്മുടെ സംസ്ഥാനത്ത് വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻ സാധിക്കും. കേരളത്തിൽ നിന്ന് പുറത്തേക്കുള്ള വിദ്യാർഥികളുടെ ഒഴുക്ക് കുറയുകയും, തിരികെയുള്ള ഒഴുക്ക് ത്വരിതപ്പെടുകയും ചെയ്യുകവഴി കേരളം ഇന്ത്യയിലെതന്നെ ഒരു ഉന്നതവിദ്യാഭ്യാസ ഹബ് ആയി മാറുമെന്ന് പ്രതീക്ഷിക്കാം.

മാർച്ച് 1 അന്താരാഷ്ട്ര സിവിൽ ഡിഫെൻസ് ദിനമായി ആചരിക്കുന്നു. സമൂഹത്തിൽ നടമാടുന്ന വിവേചനങ്ങൾക്കെതിരെ മനുഷ്യ മനസാക്ഷിയെ ഉണർത്തുക എന്നതാണ് ഈ ദിനത്തിന്റെ ഉദ്ദേശ്യം. ജാതി, മത, വർണ്ണ, ലിംഗ, ഭാഷാ വ്യത്യാസങ്ങളുടെ പേരിൽ അനേകർ വിവേചനം അനുഭവിക്കുന്നു എന്ന യാഥാർത്ഥ്യം നാം ഉൾക്കൊള്ളണം. മാർച്ച് 8 അന്താരാഷ്ട്ര വനിതാ ദിനമാണ്. വനിതകളുടെമേൽ ലിംഗഭേദത്തിന്റെ ശ്രേണീബദ്ധക്രമങ്ങൾ അടിച്ചേൽപിക്കുന്ന പ്രവണത ഒട്ടും അഭിലഷണീയമല്ല. പരസ്പര ബഹുമാനത്തിൽ അധിഷ്ഠിതമായ ഒരു ജീവിതക്രമത്തെ സാധ്യമാക്കണം. ഭിന്നഭേദങ്ങളുടെ മധ്യേ നീതിബോധത്തിലുറച്ച സമാധാന ജീവിതം സാധ്യമാക്കാനുള്ള ബാധ്യത ക്രിസ്തു നമ്മെ ഭരമേല്പിച്ചിരിക്കുന്നു.

ആയുസ്സിൽ ഒരു സംവത്സരം കൂടി പൂർത്തീകരിക്കുവാൻ ദൈവം തന്റെ കൃപയാൽ സഹായിച്ചു. ഇന്നയോളം അനുഭവിച്ച എല്ലാ നന്മകൾക്കുമായി സ്തോത്രം. മേല്പട്ടക്കാരിൽ നിന്നും പട്ടക്കാരിൽ നിന്നും വിശ്വാസ സമൂഹത്തിൽ നിന്നും ലഭിക്കുന്ന പ്രാർത്ഥനയ്ക്കും പ്രവർത്തന പങ്കാളിത്വത്തിനും എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു.

മാർച്ച് മാസം അർത്ഥപൂർണമായ നോമ്പ് അനുഷ്ഠാനങ്ങൾക്കു സഹായകരമായ വേദഭാഗങ്ങളാണ് നല്കപ്പെട്ടിരിക്കുന്നത്. മാർച്ച് 2 ഞായറാഴ്ച വലിയ നോമ്പ് ആരംഭ ഞായർ ആണല്ലോ. കാനാവിലെ കല്യാണ വിരുന്നിൽ യേശു പച്ചവെള്ളം വീഞ്ഞാക്കിയ സംഭവം ഏവൻഗേലിയോൻ ആയി വായിക്കുന്നു. രൂപാന്തരം വരുത്തുന്ന കർത്താവിനെയാണ് നാം ധ്യാനിക്കുന്നത്. വറുതികളുടെ സന്ദർഭങ്ങളിൽ സമൃദ്ധി നൽകാൻ ദൈവത്തിനു കഴിയും എന്നു ധ്യാനിക്കുന്നതിനോടൊപ്പം, സമൃദ്ധി അനുഭവിക്കുന്ന സന്ദർഭങ്ങളിൽ തന്നെ, യേശു സാന്നിധ്യത്തെ ക്ഷണിക്കുന്നതിനു മറന്നു പോകരുത് എന്നുള്ള ഒരു ഓർമ്മപ്പെടുത്തലും നമുക്കു ഈ വചനം നൽകുന്നു. സുഖ കാലങ്ങളിൽ ദൈവത്തെ മറക്കാതെ ഓർക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന ഒരു നോമ്പു കാലം ഞാൻ ആശംസിക്കുന്നു.


മാർച്ച് 9, ഞായറാഴ്ച, 'അവഗണിക്കപ്പെട്ടവരെ ചേർത്തു നിർത്തുന്ന യേശു' എന്ന വിഷയമാണ് സഭ ധ്യാനിക്കുന്നത്. തന്റെ മുൻപിൽ വന്നു മുട്ടുകുത്തിയ കുഷ്ഠരോഗിയെ യേശു കൈ നീട്ടി തൊട്ടു സൗഖ്യമാക്കുന്നതാണ് വിശുദ്ധ ഏവൻഗെലിയോന്റെ പ്രതിപാദ്യം. സാമൂഹ്യവും ശാരീരികവും ലിംഗപരവുമായ കാരണങ്ങളാൽ അവഗണിക്കപ്പെടുന്നവരെ യേശുവിന്റെ ആത്മാവിൽ ചേർത്തു നിർത്താൻ മനസ്സു കാണിക്കുന്നതാണ് നോമ്പിന്റെ ആത്മാവ്. കൈ നീട്ടി യേശു കുഷ്ഠരോഗിയെ തൊട്ട ദൂരം സമൂഹം കല്പിച്ചു നൽകിയ ദൂരം ആയിരുന്നുവല്ലോ. ആ ദൂരം ഇല്ലാതാക്കാൻ നമുക്ക് എന്തു ചെയ്യുവാൻ കഴിയും എന്നത് നാം ധ്യാനിക്കേണ്ടിയിരിക്കുന്നു.

മാർച്ച് 16 ഞായറാഴ്ച 'പാപമോചനവും സൗഖ്യവും നൽകുന്ന യേശു' എന്ന വിഷയം സഭ ധ്യാനിക്കുന്നു. പാപത്തിന്റെയും മാലിന്യത്തിന്റെയും പരിഹാരത്തിനായി തുറന്നിരിക്കുന്ന ഉറവയായി കർത്താവിനെ ഉയർത്തി കാണിക്കാൻ കഴിയുന്നതാണ് സുവിശേഷ വേല. കുറ്റബോധത്തിന്റെ പിടിയിൽ നിന്നും വിടുവിക്കാൻ യേശുവിനു കഴിയും. ക്രൈസ്തവ ആരാധനാ സമൂഹം പാപമോചനം അനുഭവിച്ചവരുടെ സമൂഹമായതിനാൽ തന്നെ പാപമോചനം നൽകുന്നവരുടെ സമൂഹവും ആയിരിക്കേണ്ടതുണ്ട്. ഈ നോമ്പു കാലം ഒരു പാപമോചന സമൂഹമായി കാണപ്പെടാൻ നമുക്ക് കഴിയട്ടെ.

മാർച്ച് 23 ഞായർ, 'സകലർക്കും വീണ്ടെടുപ്പു സാധ്യമാക്കുന്ന യേശു' വിനെ നാം ധ്യാനിക്കുന്നു. സകല ജനതകൾക്കും മഹാസന്തോഷം വരുത്തുന്ന യേശുവിനെയാണ് സഭ പ്രഘോഷിക്കുന്നത്. കനാന്യർ യിസ്രായേലിന്റെ സമ്പർക്ക പരിധിയിൽ നിന്നും പുറത്തായിരുന്നു. എന്നാൽ അവിടെ നിന്നുള്ള ഒരു വനിത സൗഖ്യമാക്കാനുള്ള യേശുവിന്റെ കഴിവിൽ വിശ്വസിക്കുകയും അതു പ്രസ്താവിക്കുകയും ചെയ്തു. യേശുവിന്റെ വീണ്ടെടുപ്പിൽ കനാന്യരായ തങ്ങൾക്കും അവകാശമുണ്ടെന്നു വിനയപൂർവ്വം വാദിച്ച ആ സ്ത്രീയുടെ വിശ്വാസത്തെ യേശുതമ്പുരാൻ വലിയ വിശ്വാസമായി അംഗീകരിച്ചല്ലോ. യേശു സകലർക്കും വീണ്ടെടുപ്പു സാധ്യമാക്കുന്നവനാണ്. ഈ സാർവ്വലൗകിക ഭാവം ലോകത്തോടു പറയാൻ നോമ്പുകാലം മുഖാന്തിരമായി ഭവിക്കട്ടെ.

മാർച്ച് 30 ഞായറാഴ്ച, 'മനുഷ്യാളത്വത്തിനു പൂർണത നൽകുന്ന യേശു' വിനെയാണ് സഭ ധ്യാനിക്കുന്നത്. പതിനെട്ടു സംവത്സരം നിവരുവാൻ കഴിയാതെ കൂനിപോയിരുന്ന ഒരു സ്ത്രീയെ കർത്താവ് ഒരു ആരാധനാമദ്ധ്യേ സൗഖ്യമാക്കുന്ന വിവരണമാണ് സുവിശേഷഭാഗം പങ്കു വക്കുന്നത്. ദൈവബന്ധത്തിൽ മാത്രമാണ് മനുഷ്യർക്കു പൂർണത കൈവരുന്നത്. ശരീരത്തിലും ആത്മാവിലും പൂർണതയുള്ള മനുഷ്യർ രൂപപ്പെടുവാൻ, അവരെ ദൈവബന്ധത്തിലേക്ക് ആനയിക്കുവാൻ ഉള്ള നല്ല സംവിധാനങ്ങൾ ക്രമപ്പെടുത്താൻ സഭക്കു കഴിയേണ്ടതുണ്ടെന്നു നോമ്പു കാലം നമ്മെ ഓർമ്മപ്പെടുത്തട്ടെ.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.



പൂലാത്തീൻ
25.02.2025

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**